ENTRI

1 Crore User Downloads

# CURRENT AFFAIRS 18 MAY 2025




**മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണാർത്ഥം മലയാറ്റൂർ ഫൗണ്ടേഷൻ നൽകുന്ന നാലാമത് സാഹിത്യ പുരസ്കാരത്തിന് അർഹനായത്**

അംബിക സുതൻ മാങ്ങാട്

- അദ്ദേഹത്തിന്റെ 'അല്ലോഹലൻ' എന്ന നോവലിനാണ് പുരസ്കാരം.
- മൂന്നാമത് മലയാറ്റൂർ സാഹിത്യ പുരസ്കാരത്തിന് അർഹനായത് - എം.വി. ജനാർദ്ദനൻ

---


നീരജ് ചോപ്ര

**ജാവലിൻ ത്രോയിൽ 90 മീറ്റർ മറികടക്കുന്ന മൂന്നാമത്തെ ഏഷ്യക്കാരനും ആദ്യ ഇന്ത്യക്കാരനുമായ അത്‌ലറ്റ്**

നീരജ് ചോപ്ര

- ദോഹ ഡയമണ്ട് ലീഗിൽ 90.23 ദൂരമെറിഞ്ഞാണ് നേട്ടം സ്വന്തമാക്കിയത്.
- പാകിസ്താന്റെ ഒളിമ്പിക്സ് മെഡൽ ജേതാവായ അർഷദ് നദീമും (92.97 മീറ്റർ) ചൈനീസ് തായ്പെയുടെ ചാഒ സുൻ ചെങ്ങുമാണ് (91.36 മീറ്റർ) ഏഷ്യയിൽ ഈ നേട്ടം കൈവരിച്ച ആദ്യ രണ്ടു പേർ.

---




**2025ലെ ആശാൻ യുവകവി പുരസ്കാരത്തിന് അർഹനായത്**

പി.എസ്. ഉണ്ണികൃഷ്ണൻ

- അദ്ദേഹത്തിന്റെ 'മതിയാകുന്നേയില്ല' എന്ന കാവ്യസമാഹാരത്തിനാണ് പുരസ്കാരം.

---


രവീന്ദ്ര ജഡേജ

**ഐസിസിയുടെ ഓൾ റൗണ്ടർമാരുടെ ടെസ്റ്റ് റാങ്കിങ്ങിൽ ഏറ്റവും കൂടുതൽ കാലം ഒന്നാം സ്ഥാനം നിലനിർത്തുന്ന ക്രിക്കറ്റ് താരം എന്ന നേട്ടം സ്വന്തമാക്കിയ ഇന്ത്യൻ താരം**

രവീന്ദ്ര ജഡേജ

---

**കേന്ദ്ര കായികമന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന നെഹ്റു യുവകേന്ദ്രയുടെ (എൻവൈകെ) പുതിയ പേര്**

മേരാ യുവഭാരത്

- 1972-ലാണ് നെഹ്റു യുവകേന്ദ്ര സംഘടൻ പ്രവർത്തനം ആരംഭിച്ചത്.
- രാഷ്ട്രനിർമാണത്തിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുകയായിരുന്നു പ്രധാനലക്ഷ്യം.